(ഇ) പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ ഫണ്ടുപയോഗിച്ച് പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ, കുട, സ്കൂൾ ബാഗ്, രണ്ട് സെറ്റ് യൂണിഫോം, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻസ്ട്രുമെന്റ് ബോക്സ് എന്നിവ 2004-05, 2005-06 വർഷങ്ങളിൽ വിതരണം ചെയ്തു. തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി വരുന്നു. തോട്ടം തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള കോഴ്സുകളിൽ ഉപരിപഠനത്തിനായി ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(എഫ്) തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥ തലത്തിലും തൊഴിൽ വകുപ്പുമന്ത്രി തലത്തിലും നിരവധി ചർച്ചകൾ നടത്തുകയുണ്ടായി. ഇതിന്റെ ഫലമായി പൂട്ടിക്കിടന്ന നാല് തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞു. മറ്റ് തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്ന് വിവിധ ആശ്വാസ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അടഞ്ഞു കിടക്കുന്ന തോട്ടങ്ങളുടെ ഉടമകളെ 2003-04, 2004-05 വർഷങ്ങളിലെ പ്ലാന്റേഷൻ ടാക്സിൽനിന്നും അഗ്രികൾച്ചറൽ ഇൻകം ടാക്സിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. തോട്ടം തുറന്നു പ്രവർത്തിപ്പിക്കുന്ന ഉടമകൾക്ക് വൈദ്യുതി ചാർജ് തവണകളായി അടയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഇലക്ട്രിസിറ്റി റഗുലേറ്ററി അതോറിറ്റിയുടെ ശുപാർശയ്ക്ക് അനുസൃതമായി തോട്ടങ്ങളുടെ താരിഫ് വ്യവസ്ഥയിൽ മാറ്റം വരുത്തുവാനും തീരുമാനമായിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ

140. [140] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ ഏതെല്ലാമാണെന്നും ഓരോന്നിലും അംഗമായിട്ടുള്ള തൊഴിലാളികൾ എത്രയാണെന്നും വ്യക്തമാക്കുമോ; തൊഴിലാളികളുടേയും തൊഴിലുടമയുടേയും ക്ഷേമനിധി വിഹിതം എത്രയാണ്;

(ബി) നാളിതുവരെയുള്ള കണക്കുപ്രകാരം ഓരോ ക്ഷേമനിധി ബോർഡിലും ക്ഷേമനിധി ഇനത്തിലുള്ള മിച്ച തുക എത്രയാണ് ; ക്ഷേമനിധി ആനുകൂല്യങ്ങളുടെ കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷേമനിധി ബാലൻസ് തുക ഏതെങ്കിലും സ്വാകര്യ ധനകാര്യ സ്ഥാപനത്തിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനത്തിൽ എന്തു തുക വീതം എന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ ബോർഡും 2004-05-ലും 2005-06-ലും ഭരണ ചെലവുകൾക്കായും ക്ഷേമകാര്യങ്ങൾക്കായും ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

† അനുബന്ധം XXI

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

കേരള ടോഡി ആന്റ് അബ്കാരി വർക്കേഴ്സ് കോൺഗ്രസ് നൽകിയ നിവേദനം

141. [141]. ശ്രീ. ബി. വിജയകുമാർ :
,, ജി. കാർത്തികേയൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടോഡി ആന്റ് അബ്കാരി വർക്കേഴ്സ് കോൺഗ്രസ് നൽകിയ നിവേദനത്തിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ബി) അതിൽ എന്തെല്ലാം നടപ്പിലാക്കിയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള ടോഡി ആന്റ് അബ്കാരി വർക്കേഴ്സ് കോൺഗ്രസ് നൽകിയ 1-2-2005-ലെ നിവേദനത്തിൽ താഴെ പറയുന്ന 14 ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്.

1. കള്ള് ഷാപ്പുകൾ താലൂക്ക്-റേഞ്ച് അടിസ്ഥാനത്തിൽ ലൈസൻസ് നൽകണം.

2. 2000-01-ൽ ഉണ്ടായിരുന്ന മുഴുവൻ കള്ള് ഷാപ്പുകളും പുനഃസ്ഥാപിക്കണം. ഓരോ വർഷം എന്നുള്ളതു മൂന്ന് കൊല്ലമായി ലൈസൻസ് ചെയ്ത് നൽകുക.

3. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കള്ള് ഷാപ്പുകളെ ദൂരപരിധിയിൽനിന്നും ഒഴിവാക്കുകയോ അല്ലെങ്കിൽ ബാറുകൾ വിദേശമദ്യഷാപ്പുകൾക്കും ഇന്നുള്ള ദൂരപരിധി നിശ്ചയിക്കുക.

4. കള്ള് വ്യവസായ തൊഴിലാളികളുടെ മിനിമം കൂലി നിശ്ചയിച്ചിട്ട് ഇപ്പോൾ 7 വർഷം കഴിഞ്ഞു. കള്ള് വ്യവസായത്തിൽ പല ജില്ലകളിലും പല വേതനമാണ് നിലനിൽക്കുന്നത്. ആയതിനാൽ വടക്ക്-മധ്യ തെക്കൻ മേഖലകൾ തിരിച്ച് മിനിമം വേജസ്സ് നടപ്പിലാക്കാൻ എത്രയും വേഗം മിനിമം വേജസ്സ് കമ്മിറ്റി പുനഃസംഘടിപ്പിക്കുക.

5. കള്ള് ഷാപ്പുകൾ പരിശോധിക്കുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ മൊബൈൽ ലാബ് സ്ഥാപിക്കുക.

† അനുബന്ധം XXII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം

[6-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം

ക്ഷേമനിധി

ക്ഷേമനിധിയുടെ പേര്	അംഗങ്ങളുടെ എണ്ണം	ക്ഷേമനിധി വിഹിതം		ക്ഷേമനിധി ഇനത്തിൽ മിച്ചമുള്ള തുക (രൂപ)
		തൊഴിലാളി	തൊഴിലുടമ	
1	2	3	4	5
കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്	10,92,453	20 രൂപ പ്രതിമാസം	നിർമ്മാണ ചെലവിന്റെ 1% സെസ്സ്	2,07,00,00,000 (207 കോടി)
കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്	2,057	അംഗത്തിന്റെ ആകെ വരുമാനത്തിന്റെ 10% തുക	15% തുക	65,30,92,208
കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്	13,340	7 രൂപ പ്രതിമാസം	7 രൂപ പ്രതിമാസം	1,22,60,665
കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്	23,730	3 രൂപ പ്രതിമാസം	6 രൂപ പ്രതിമാസം	9,00,000
കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്	1,43,000	ഒരു പ്രവർത്തി ദിവസത്തിന് ഒരു രൂപ വീതം	ഒരു പ്രവർത്തി ദിവസത്തിന് ഒരു രൂപ വീതം	6,09,24,909
കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്	15,37,393	5 രൂപ പ്രതിമാസം	15 രൂപ (പ്രതിവർഷം ഹെക്ടർ ഒന്നിന്)	ഇല്ല
കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്	2,75,000	10 രൂപ പ്രതിമാസം	5 രൂപ പ്രതിമാസം	19,50,00,000
കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്	63,419	അനുബന്ധം 2-ൽ നൽകിയിട്ടുണ്ട്		1,07,10,16,971

LIBRARY ARCHIVES Kerala Legislative Assembly

XXII

140 (140) ദയവായി കാണുക]

ബോർഡുകൾ

കുടിശ്ശിക തുക	സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുക	2004-05		2005-06	
		ഭരണ ചെലവ് (രൂപ)	ക്ഷേമകാര്യ ചെലവ് (രൂപ)	ഭരണ ചെലവ് (രൂപ)	ക്ഷേമകാര്യ ചെലവ് (രൂപ)
6	7	8	9	10	11
ഇല്ല	ഇല്ല	1,98,53,360	26,20,98,414	91,97,620 (31-12-2005 വരെ)	11,49,25,766
ഇല്ല	ഇല്ല	41,54,057	1,50,89,661	43,75,500 (ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്)	1,16,17,500
9,00,000	ഇല്ല	5,15,443	6,91,000	4,17,020 (1-2-2006 വരെ)	3,95,500
1,42,80,200	ഇല്ല	23,23,532	2,07,12,840	20,57,917 (31-12-2005 വരെ)	53,55,097
11,01,20,100	ഇല്ല	67,12,856	5,85,18,734	കണക്കുകൾ പൂർണ്ണമായിട്ടില്ല	കണക്കുകൾ പൂർണ്ണമായിട്ടില്ല
75,66,93,000	ഇല്ല	1,30,06,299	4,75,19,722	93,74,468 (ഏപ്രിൽ മുതൽ ഡിസംബർ വരെ)	6,18,28,478 (ഏപ്രിൽ മുതൽ ഡിസംബർ വരെ)
ഇല്ല	ഇല്ല	79,62,451	1,93,03,492	76,88,271 (1-2-2006 വരെ)	2,12,93,000 (31-1-2006 വരെ)
ഇല്ല	ഇല്ല	3,07,98,380	4,82,76,556	2,47,30,000	4,08,10,092

LIBRARY ARCHIVES Kerala Legislative Assembly

1	2	3	4	5
കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമ പദ്ധതി	19,088	50 പ്രതിമാസം	50 പ്രതിമാസം	15,35,000
കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്	39,746 സ്വയം തൊഴിലാളികൾ	3 (പ്രതിമാസം)	6	1,15,17,887.
കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്	4,93,862	8 പ്രതിവർഷം	16 പ്രതിവർഷം	4,90,09,835
കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്	40,256	വേതനത്തിന്റെ 8%	13%	7,77,02,00,000
കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്	അനുബന്ധം 2-ൽ നൽകിയിട്ടുണ്ട്			1,36,00,00,000
കേരള ആർട്ടിസാൻസ് & സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീം	2,15,411	10 രൂപ	ഇല്ല	28,55,70,020

LIBRARY ARCHIVES Kerala Legislative Assembly

6	7	8	9	10	11
ഇല്ല	ഇല്ല	32,445	9,48,002	9,623	12,42,043
സിഗാർ തൊഴിലാളികൾക്ക് 8/05 വരെ നൽകിയിട്ടുണ്ട്. ബീഡി തൊഴിലാളികൾക്ക് കുടിശ്ശിക ഇല്ല.	ഇല്ല	1629677	11,14,511	9,88,244	18,02,876
ഇല്ല	ഇല്ല	72,56,124	78,29,622	56,91,491	32,13,513
ഇല്ല	ഇല്ല	6,06,91,000	67,94,42,000	43,41,000	24,63,49,000
ഇല്ല	ഇല്ല	6,67,35,578	5,04,131,637	7,23,59,600	60,78,90,250
ഇല്ല	ഇല്ല	39,89,294	80,21,525	30,21,786 (31-12-2005 വരെ)	60,94,916

LIBRARY ARCHIVES Kerala Legislative Assembly